**ഭരണഭാഷ – മാതൃഭാഷ**

നം:ബി1-446/2025

സൂപ്രണ്ടിന്റെ കാര്യാലയം
താലൂക്ക് ആശുപത്രി നെടുംകണ്ടം
തീയതി: 07/03/2025.

04868 232650 ,suptchc@yahoo.com

# പുനർ ടെന്റർ നോട്ടീസ്

നെടുംകണ്ടം താലൂക്കാശുപത്രിയുടെ പരിധിയിൽ പാലിയേറ്റീവ് കെയർ പ്രോഗ്രാമിൽ നെടുംകണ്ടം ബ്ലോക്കിന്റെ വിവധ പ്രദേശങ്ങളിൽ വീട്ടിൽ കഴിയുന്ന രോഗികൾക്ക് വൈദ്യസഹായം എത്തിക്കുന്നതിലേയ്ക്ക് ദിവസ വാടക/മൈലേജ് റേറ്റ് രീതിയിൽ **4-WHEEL** DRIVE വാഹനം ടാക്സിയായി **01/04/2025 മുതൽ 31/03/2026 വരെ** ഓടുന്നതിന് താത്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവച്ച ടെന്ററുകൾ ക്ഷണിച്ചിരുന്നു. ടെന്ററിൽ മതിയായ ആളുകൾ പങ്കെടുക്കാത്തതിനാൽ പുനർ ടെന്റർ ക്ഷണിച്ചുകൊള്ളുന്നു.

**വ്യവസ്ഥകൾ**

1. ടെന്റർ ഫോറത്തിന്റെ വില Rs: 1000 + Rs: 180 GST
2. ടെന്റർ ഫോറം വിൽപ്പന **25/03/2025 10.30 .എ.എം മുതൽ 01/04/2025 01 പി.എം വരെ**
3. ടെന്റർ ഫോറം സ്വീകരിക്കുന്ന അവസാന തീയതി: 02/04/2025, 10.30 എ.എം
4. ടെന്റർ തുറക്കുന്ന തീയതി: 02/04/2025 , 11.30 എ.എം
5. ടെന്ററിനോടൊപ്പം 5000/- രൂപയുടെ നിരദദ്രവ്യവും എഗ്രിമെന്റും സമർപ്പിക്കേണ്ടതാണ്.

**നിബന്ധനകൾ**

1. ആശുപത്രിക്ക് സ്വന്തം വാഹനം ലഭ്യമാകുന്ന മുറയ്ക്ക് ടെന്റർ അസാധുവാകുന്നതായിരിക്കും.
2. നെടുംകണ്ടം ബ്ലോക്കിൽപ്പെട്ട വിവിധ പ്രദേശങ്ങളിൽ വാഹനം ആവശ്യമായി വരും.
3. താത്പര്യമുള്ള വ്യക്തികൾ ഇതിനോടൊപ്പം അനുബന്ധമായി കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി നിരക്കുകൾ വ്യക്തമാക്കി ടെന്റർ സമർപ്പിക്കേണ്ടതാണ്.
4. ടെന്റർ ലഭിക്കുന്നയാൾ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ സൂപ്രണ്ടുമായി ഉടമ്പടി ഒപ്പിടേണ്ടതാണ്.
5. ടെന്റർ സമർപ്പിക്കേണ്ട സമയത്തിന് ശേഷമുള്ളതും അപൂർണ്ണവുമായവ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
6. ടെന്റർ സംബന്ധമായ അവസാന തീരുമാനം എച്ച്.എം.സി യുടേയായിരിക്കും.
7. ടെന്റർ കൊള്ളുന്നയാൾ/ സ്ഥാപനം ടെന്റർ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ടെന്റർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ആശുപത്രി സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.

ടെന്ററുകൾ സംബന്ധമായ കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാണ്.

സൂപ്രണ്ട്

SUPERINTENDENT
T.H.Q. HOSPITAL
NEDUMKANDAM
IDUKKI-685553

പകർപ്പ്:

1. ആശുപത്രി നോട്ടീസ് ബോർഡ്
2. നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് നോട്ടീസ് ബോർഡ്
3. നെടുംകണ്ടം ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്
4. പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഇടുക്കി- പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന്
5. ഫയൽ

Taluk Head Quarters Hospital
Nedumkandam-685 553

## അനുബന്ധം-1

### നിബന്ധകൾ

1. വാഹനത്തിന്റെ ഒരു ദിവസത്തെ വാടക (08 എ.എം മുതൽ 05 പി.എം വരെ).
2. വാഹനത്തിന്റെ കിലോമീറ്റർ റേറ്റ്.
3. കിലോമീറ്റർ റേറ്റിൽ സഞ്ചരിക്കുന്നതിന് ആവശ്യമായ മിനിമം കിലോമീറ്റർ.
4. കിലോമീറ്റർ റേറ്റിൽ ഓടിക്കുമ്പോൾ ആവശ്യമായ വെയിറ്റിംഗ്ചാർജ് നിരക്കുകൾ എല്ലാ ചിലവുകളും ഉൾപ്പടെ ആയിരിക്കണം.
5. ഇന്ധനചിലവ്, വാഹനത്തിന്റെ മെയിന്റനൻസ്, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ് ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചിലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
6. വാഹനത്തിന്റെ ടാക്സി പെർമിറ്റ് ഉൾപ്പടെ നിയമപരമായ എല്ലാ രേഖകളും (ആർ.സി ബുക്ക്, ഇൻഷുറൻസ്, ഹെവി ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ്) ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് ക്വട്ടേഷനിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
7. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ വാഹന ഉടമയുമായുള്ള കരാർ റദ്ദുചെയ്യുവാനുള്ള അധികാരം ഓഫീസ് മേധാവിക്ക് ഉണ്ടായിരിക്കും.
8. വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും കാലപ്പഴക്കം 15 വർഷത്തിൽ അധികരിക്കാത്തതും ആയിരിക്കണം.
9. വാഹനം ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കാരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.
10. അവധി ദിനങ്ങൾ ഉൾപ്പടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
11. കാരാർ സമയത്ത് അംഗീകരിക്കുന്ന റേറ്റിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധനവില വർദ്ധനവ് പരിഗണിക്കുന്നതല്ല.
12. ലോഗ് ബുക്ക് ഓഫീസ് മേധാവിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

Taluk Head Quarters Hospital
Nedumkandam-685 553

SUPERINTENDENT
T.H.Q. HOSPITAL
NEDUMKANDAM
IDUKKI-685553